പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 780 | 03.12.2014- ൽ മറുപടിക്ക് |

## ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് ധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബി. ഡി. ദേവസ്സി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| | ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്കായി വാങ്ങുന്ന നിത്യോപയോഗ സാധനങ്ങളുടെ ബില്ല് പ്രകാരമുള്ള തുക പേഷ്യന്റ് സൊസൈറ്റിയ്ക്ക് നൽകുന്നത് മാസങ്ങളായി കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കുടിശ്ശിക അടിയന്തിരമായി വിതരണം ചെയ്യുന്നതിനും, ഇവർക്കുള്ള വസ്ത്രം, ചെരിപ്പ് എന്നിവയ്ക്കുള്ള ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും, യഥാസമയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | | ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്കുള്ള നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട്, ആഗസ്റ്റ് 2014 മുതലുള്ള തുക കുടിശ്ശിക ആയിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ആദ്യഗഡുവായി ലഭിച്ച 18,92,000/- (പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ)യിൽ 17,57,244/-രൂപ (പതിനേഴ് ലക്ഷത്തി അമ്പത്തി ഏഴായിരത്തി ഇരുനൂറ്റി നാല്പത്തിനാല് രൂപാ മാത്രം) ചെലവഴിച്ചു. വീണ്ടും ഇതിലേക്കായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 6 ലക്ഷം (ആറ് ലക്ഷം രൂപ) 27/11/2014-ന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം ആശുപത്രി സൂപ്രണ്ടിന് അനുവദിച്ചിട്ടുണ്ട്. അന്തേവാസികൾക്ക് വസ്ത്രം വാങ്ങുന്നതിനായി വർഷത്തിൽ രണ്ടുപ്രാവശ്യം എന്ന കണക്കിൽ ഒരു തവണ 250/- രൂപ വീതം ആകെ 500/- രൂപയും, ചെരുപ്പ് വാങ്ങുന്നതിന് ഒരിക്കൽ 250/- രൂപ എന്ന കണക്കിലുമാണ് നൽകി വരുന്നത്. ഇത് ആവശ്യം വർദ്ധിപ്പിക്കണമെന്ന പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ